# K.M.Mani Memorial Govt. General Hospital, Pala
Phone : 04822 215154
E-mail - suptpala@gmail.com

നം.ബി2-2653/2026

കെ. എം. എം. എസ്. ജി. ജി. എച്ച്.
പാലാ,
തീയതി : 25/05/2026

ദർഘാസ് നോട്ടീസ്

പാലാ ജനറൽ ആശുപത്രിയിൽ 200CDM സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനത്തിനും ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്കാവശ്യമായ കെമിക്കലുകൾ വിതരണം ചെയ്യുന്നതിനും അറ്റകുറ്റപണികൾക്കും ടെക്നീഷ്യൻ സഹിതം 01/07/2026 മുതൽ 30/06/2027 വരെ കരാർ എടുക്കുന്നതിന് പരിചയ സമ്പത്തും അംഗീകാരവുമുള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച് ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. സൂപ്രണ്ട്, കെ. എം. മാണി സ്മാരക ഗവ. ജനറൽ ആശുപത്രി, പാലാ എന്ന വിലാസത്തിലാണ് ദർഘാസ് അയക്കേണ്ടത്. ദർഘാസ് കവറിനു പുറത്ത് “പാലാ ജനറൽ ആശുപത്രിയുടെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനത്തിനും അറ്റകുറ്റപണികൾക്കുമുള്ള ദർഘാസ്” എന്ന് രേഖപ്പെടുത്തിയിരിക്കണം. പൂരിപ്പിച്ച ദർഘാസ് 18/06/2026 3.00 pm-ന് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്. വൈകി കിട്ടുന്ന ദർഘാസുകൾ നിരസിക്കുന്നതാണ്. ദർഘാസ് സമർപ്പിച്ചവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ അന്നേദിവസം 3.30 pm -ന് തുറക്കുന്നതുമായിരിക്കും.

ദർഘാസ് ഫോറത്തിന്റെ വില 1000/- രൂപ 18% GST ചേർത്ത് 1180/- രൂപയാണ്. ദർഘാസ് ഫോറത്തിന്റെ വില നിശ്ചിതവും ഒരിക്കലും തിരിച്ച് നൽകാത്തതുമാണ്. ദർഘാസ് മറ്റൊരാളുടെ പേരിലേയ്ക്ക് മാറ്റുന്നതല്ല. ദർഘാസ് ഫോമുകളുടെ വില്പന ഈ ഓഫീസിൽ 18/06/2026 2.00 pm ന് അവസാനിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വിലയായി ചെക്ക്, പോസ്റ്റൽ ഓർഡർ, ഡിമാന്റ് ഡ്രാഫ്റ്റ് തുടങ്ങിയവ സ്വീകരിക്കുന്നതല്ല. ഫോമുകൾ വി.പി.പി ആയി അയക്കുന്നതല്ല. ഡ്യൂപ്ലിക്കേറ്റ് ഫോമുകൾ ആവശ്യമെങ്കിൽ 1000/- രൂപ+ 18% GST അടയ്ക്കേണ്ടതാണ്.

ദർഘാസിന്റെ കൂടെ 200/- മുദ്രപ്പത്രത്തിൽ പ്രഥമിക എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്. പ്ലാന്റിന്റെ ഒരുമാസത്തേയ്ക്കുള്ള പ്രവർത്തനത്തിനും അറ്റകുറ്റ പ്പണികൾക്കും ഉള്ള നിരക്ക് നികുതി ഉൾപ്പെടെ ദർഘാസിൽ പ്രത്യേക രേഖപ്പെടുത്തേണ്ടതാണ്. കരാർ കാലാവധി എഗ്രിമെന്റ് ഒപ്പു വയ്ക്കുന്ന തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും. ടെണ്ടർ തുകയുടെ 5% സെക്യരിറ്റി ഡെപ്പോസിറ്റ് സൂപ്രണ്ടിന്റെ പേരിലുള്ള 30/06/2026 വരെ കാലാവധിയുള്ള ബാങ്ക് ഗ്യാരന്റിയോ ഫിക്സഡ് ഡെപ്പോസിറ്റ് രസീതോ ഡിമാന്റ് ഡ്രാഫ്റ്റോ പാലാ സിറ്റിയിൽ മാറാവുന്നത് സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ സ്വീകരിക്കുവാനോ, നിരക്കുവാനോ ഉള്ള അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമാണ്. ഏതെങ്കിലും കാരണവശാൽ ദർഘാസുകൾ തുറക്കുന്ന തീയതി സർക്കാർ അവധിയായി പ്രഖ്യാപിക്കുകയാണ് എങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം 2.00 മണിയ്ക്ക് ദർഘാസുകൾ തുറക്കുന്നതായിരിക്കും. ദർഘാസ് നടപടികൾ മാറ്റി വയ്ക്കുന്നതിനോ റദ്ദ് ചെയ്യുന്നതിനോ സ്ഥാപനമേധാവിയ്ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് പ്രവൃത്തി ദിവസം ആശുപത്രി ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. കരാർ ലഭിക്കുന്ന കക്ഷി 200 രൂപ മുദ്രപ്പത്രത്തിൽ ഫൈനൽ കരാർ സമർപ്പിക്കേണ്ടതാണ്.

അടങ്കൽ തുക 5,00,000/-

സൂപ്രണ്ട്

1. ടെണ്ടർ നൽകി തുടങ്ങുന്ന തീയതി 08/06/2026
2. ടെണ്ടറിന്റെ അവസാന തീയതി 18/06/2026 2 PM
3. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി 18/06/2026 3 PM
4. ടെണ്ടർ തുറന്ന് പരിശോധിക്കുന്ന തീയതി 18/06/2026 4 PM

പകർപ്പ്;-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കോട്ടയം
2. ആശുപത്രി നോട്ടീസ് ബോർഡ്
3. താലൂക്ക് ഓഫീസ്, മീനച്ചിൽ
4. മുനിസിപ്പൽ നോട്ടീസ് ബോർഡ്, പാലാ